## കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER **06** | **2022** |



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# ശരവേഗ സേവനവുമായി എമർജൻസി മെഡിക്കൽ സെന്ററുകൾ (ഇ. എം. സി)

മണ്ഡലകാല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് മല ചവിട്ടുന്ന അയ്യപ്പന്മാരുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തി എമർജൻസി മെഡിക്കൽ സെന്ററുകൾ (ഇ.എം.സി). പമ്പ മുതൽ സന്നിധാനം വരെയും വിവിധ ഇടത്താവളങ്ങൾ കേന്ദ്രീകരിച്ചും 17 ഇ.എം.സി സെന്ററുകളാണ് പ്രവർത്തനം നടത്തുന്നത്.

സന്നിധാനത്ത് മാത്രം നാല് പ്രധാന ആശുപത്രികൾക്ക് പുറമേ വിവിധ ഇടങ്ങളിലായി മൂന്ന് ഇ.എം.സികളും പ്രവർത്തിക്കുന്നു.

ശാരീരിക ബുദ്ധിമുട്ടുകൾ നേരിടുന്ന അയ്യപ്പഭക്തർക്ക് പ്രാഥമിക ശുശ്രൂഷ ഇ.എം.സി സെന്ററുകളിൽ നിന്നും നൽകി കൂടുതൽ ചികിത്സ ആവശ്യമായി വരുന്നവരെ സന്നിധാനത്ത് തന്നെ പ്രവർത്തിക്കുന്ന ആശുപത്രിയിലേക്കും തുടർ ചികിത്സ ആവശ്യമായി വരുന്ന പക്ഷം പമ്പ ആശുപത്രിയിലേക്കും മാറ്റുന്ന രീതിയാണ് ഇഎംസി സെന്ററുകളിൽ നടക്കുന്നത്.

കാർഡിയാക് അറസ്റ്റ്, ഫസ്റ്റ് എയ്ഡ്, മുറിവുകൾ ഡ്രസ്സിംഗ്, ബി.പി, ഷുഗർ തുടങ്ങിയ രോഗങ്ങൾക്ക് പ്രാഥമിക ശുശ്രൂഷ നൽകേ  എല്ലാ സജ്ജീകരണങ്ങളും കേന്ദ്രങ്ങളിൽ സജ്ജമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സെന്ററിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജനറൽ നഴ്സിംഗ് മെഡിസിൻ പൂർത്തിയാക്കിയ നാല് ജീവനക്കാരുടെ സേവനം ലഭ്യമാണ്. ഇതിന് പുറമെ കേരളത്തിലെ വിവിധ നേഴ്സിങ് സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് അടിസ്ഥാനത്തിൽ 10 ദിവസത്തെ സേവനം വിവിധ ഇ.എം.സി സെന്ററുകളിൽ നടത്തുന്നു.

(പി.ആർ.ശബരി- 133)

(പടം, വീഡിയോ ഉ  ്)

## ശബരിമല: വിവിധ ഭാഷകളിലെ വീഡിയോചിത്രങ്ങൾ പോലീസ് പുറത്തിറക്കി

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കേരള പോലീസ് തയ്യാറാക്കിയ വീഡിയോചിത്രങ്ങൾ സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പ്രകാശനം ചെയ്തു.

കേരളത്തിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളാണ്  വീഡിയോയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിൽ തയ്യാറാക്കിയ ഈ വീഡിയോചിത്രങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തീർത്ഥാടകർക്ക് ഏറെ സഹായകരമാകും.

ജനമൈത്രി സ്റ്റേറ്റ് നോഡൽ ഓഫീസർ കൂടിയായ തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി ആർ. നിശാന്തിനിയുടെ നേതൃത്വത്തിൽ റെയിൽവേ പോലീസും കേരള പോലീസ് സോഷ്യൽ മീഡിയ സെല്ലും ചേർന്നാണ് വീഡിയോ തയ്യാറാക്കിയത്. സ്റ്റേറ്റ് പോലീസ് മീഡിയ സെൻററിൻറെ ഫെയ്സ്ബുക്ക് പേജ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം, യുട്യൂബ് അക്കൗ  ുകളിൽ വീഡിയോചിത്രങ്ങൾ കാണാം.

(പി.ആർ.ശബരി- 134)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ (07.12.2022)

.........
പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് ....അഭിഷേകം
3.30 ന് ...ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 മണി വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം
7.30 ന് ഉഷപൂജ
11.30. ന് ..25 കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ......ഉച്ചപൂജ
1മണിക്ക് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും
6.30ന്... ദീപാരാധന
7 മണിമുതൽ പുഷ്പാഭിഷേകം
9.30 മണിക്ക് ...അത്താഴപൂജ
10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.